# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2079    22.01.2014-ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിക്കുനേരെ കണ്ണൂരിൽ നടന്ന ആക്രമണസംഭവത്തിലെ സുരക്ഷാവീഴ്ച**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കണ്ണൂരിൽ മുഖ്യമന്ത്രിയുടെ വാഹനത്തിനുനേരെ നടന്ന കല്ലേറിൽ സുരക്ഷാവീഴ്ച സംഭവിച്ചതായി കരുതുന്നുണ്ടോ ; | (എ) കണ്ണൂരിൽ മുഖ്യമന്ത്രിയുടെ വാഹനത്തിനുനേരെ കല്ലേറ് നടന്ന സംഭവത്തിൽ സുരക്ഷാ വീഴ്ച സംഭവിച്ചതായി കരുതുന്നില്ല. 27.10.2013-ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കണ്ണൂർ സന്ദർശനവുമായി ബന്ധപ്പെട്ട കണ്ണൂരിലെ രാഷ്ട്രീയ സ്ഥിതിഗതികൾ കണക്കിലെടുത്ത് ശക്തമായ സുരക്ഷാ സംവിധാനങ്ങളാണ് കണ്ണൂർ ജില്ലാ പോലീസ് ഏർപ്പെടുത്തിയിരുന്നത്. എന്നാൽ കണ്ണൂർ കാൽടെക്സ് ജംഗ്ഷന് സമീപംവെച്ച് ഗതാഗതക്കുരുക്കിൽപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാഹനവ്യൂഹം വേഗത കുറച്ചപ്പോൾ ജനക്കൂട്ടത്തിനിടയിൽ നിന്നും ചില അക്രമികൾ അദ്ദേഹത്തിന്റെ വാഹനത്തിനുനേരെ അപ്രതീക്ഷിതമായി കല്ലെറിയുകയും അദ്ദേഹത്തിന് പരിക്കുപറ്റുകയുമായിരുന്നു. ജനക്കൂട്ടത്തിനിടയിൽ അങ്ങിങ്ങായി നിന്നിരുന്ന അക്രമികളെ പ്രതിരോധിക്കുന്നത് ജനങ്ങളുമായി അനാവശ്യമായ ഏറ്റുമുട്ടലിൽ കലാശിക്കുമെന്നതിനാൽ പോലീസ് സംയമനം പാലിക്കുകയായിരുന്നു. |
| ബി) മുഖ്യമന്ത്രിയുടെ വാഹനം കടന്നുപോകുന്നതിനുള്ള റൂട്ട് നിശ്ചയിച്ചത് ആരായിരുന്നു; | (ബി) സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി മുഖ്യമന്ത്രിയുടെ വാഹനം കടന്നു പോകുന്നതിനുള്ള റൂട്ട് നിശ്ചയിച്ചത് കണ്ണൂർ ജില്ലാ പോലീസ് ആയിരുന്നു. |
| സി) ഏതു തരത്തിലുള്ള വാഹനമാണ് പ്രസ്തുത പരിപാടിക്ക് മുഖ്യമന്ത്രി ഉപയോഗിച്ചിരുന്നതെന്ന് അറിയിക്കുമോ; | (സി) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വാഹനമാണ് പ്രസ്തുത പരിപാടിയ്ക്ക് മുഖ്യമന്ത്രി ഉപയോഗിച്ചിരുന്നത്. |
| ഡി) അതീവസുരക്ഷ ലഭിക്കേണ്ട മുഖ്യമന്ത്രിയെപ്പോലുള്ളവർക്ക് ഉപയോഗിക്കാൻ യോഗ്യമായ വാഹനമായിരുന്നോ അന്ന് ഉപയോഗിച്ചതെന്നു വ്യക്തമാക്കുമോ ; | (ഡി) സുരക്ഷാ കാറ്റഗറിയനുസരിച്ച് ഉപയോഗിക്കാവുന്ന ഔദ്യോഗിക വാഹനമാണ് അന്നേദിവസം കണ്ണൂർ ജില്ലയിലെ പരിപാടികളിൽ പങ്കെടുക്കുന്നതിനായി ബഹു. മുഖ്യമന്ത്രി ഉപയോഗിച്ചിരുന്നത്. |

| | | | |
|---|---|---|---|
| ഇ) | പ്രസ്തുതവാഹനത്തിൽ മുഖ്യമന്ത്രിക്കു വേണ്ടി നിയോഗിച്ച ഗൺമാൻ ഉണ്ടായിരുന്നോ എന്നും, ഗൺമാൻ വാഹനത്തിൽ ഏതു സീറ്റിലായിരുന്നുവെന്നും വ്യക്തമാക്കുമോ; | (ഇ) | പ്രസ്തുതവാഹനത്തിൽ മുഖ്യമന്ത്രിക്കുവേണ്ടി നിയോഗിച്ച ഗൺമാൻ മുഖ്യമന്ത്രിയുടെ സൗകര്യത്തിനും സുരക്ഷയ്ക്കും അനുസരിച്ച് മുഖ്യമന്ത്രിയോടൊപ്പം ഉണ്ടായിരുന്നു. |
| എഫ്) | ഇക്കാര്യത്തിൽ പോലീസിന് എന്തെങ്കിലും വീഴ്ച പറ്റിയതായി കരുതുന്നുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ? | (എഫ്) | ഇക്കാര്യത്തിൽ പോലീസിന് എന്തെങ്കിലും വീഴ്ച പറ്റിയിട്ടുണ്ടോ എന്നകാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ